**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 470** **08-06-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സഹകരണ ബാങ്കുകളെ ബന്ധിപ്പിച്ചു കോർ ബാങ്കിംഗ് നെറ്റ് വർക്ക് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ വിശദമാക്കാമോ? | (എ) | കേരളത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ വിവിധ തരത്തിലുള്ള കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുകളാണ് ഉപയോഗിക്കുന്നത്. കേരള ബാങ്ക് യാഥാർത്ഥ്യമായതോടെ കേരളത്തിലെ എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലും ഒരു ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിലൂടെ കേരള ബാങ്കിന്റെ സോഫ്റ്റ് വെയറുമായി ഏകോപിപ്പിച്ച് ആധുനിക ബാങ്കിംഗ് സേവനങ്ങൾ പൂർണ്ണതോതിൽ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്നതും, ടി സേവനങ്ങൾ ലഭ്യമാക്കുക വഴി യുവജനങ്ങളേയും സഹകരണ ബാങ്കുകളിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്നതുമാണ്. കേരളത്തിലെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഒരു കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്ന നടപടികൾ അവലോകനം ചെയ്യുന്നതിലേയ്ക്കായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയും ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിക്കുകയും, ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ വിശദമായ ഒരു Request for proposal (RFP) തയ്യാറാക്കുകയും ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. 09.02.2021 ന് പ്രീ-ബിഡ് മീറ്റിംഗ് നടത്തുകയും ആയതിൻമേലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ